## മദ്രസ്സകൾ വഴി പൊതുവിദ്യാഭ്യാസം

32 [4500] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്രസ്സകൾ വഴി പൊതു വിദ്യാഭ്യാസം നൽകുന്ന പദ്ധതിക്ക് കേന്ദ്രം എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര മദ്രസ്സകൾ വഴി പൊതുവിദ്യാഭ്യാസം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വിദ്യാഭ്യാസ വർഷവും എത്ര തുക ഇതിനായി ചെലവഴിച്ചു; ഈ പദ്ധതിയിൻകീഴിൽ അപേക്ഷിച്ച എല്ലാ മദ്രസ്സകൾക്കും പഠനത്തിന് അനുവാദം നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) 3,97,95,000 രൂപ.

(ബി) രണ്ടായിരത്തോളം മദ്രസ്സകൾ.

(സി) 2004-05, 2005-06 വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 3,97,95,000 രൂപയിൽ 3,26,07,500 രൂപ ചെലവഴിച്ചിട്ടുണ്ട്. യോഗ്യരായ അദ്ധ്യാപകരെ നിയമിച്ച് ക്ലാസ്സുകൾ നടത്തുകയും, വഖഫ് ബോർഡ് രജിസ്ട്രേഷൻ കിട്ടി മൂന്ന് വർഷം കഴിയുകയും ചെയ്ത മദ്രസകളുടെ അപേക്ഷകൾ സംസ്ഥാന ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിധേയമായാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവരുന്നത്.

## വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന സർവ്വെ

33 [4501] ശ്രീ. സി. പി. മുഹമ്മദ്:
,, വർക്കല കഹാർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാൻ നടത്തിയ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly